# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4733

23-07-2015-ൽ മറുപടിക്ക്

## സംരംഭക വികസന മിഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (എ) & (ബി) | സംസ്ഥാനത്ത് യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ ഒരു മഹത്തായ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ (കെ.എസ്.ഇ.ഡി.എം). ആഭ്യന്തര വളർച്ച, സമഗ്ര വികസനം, വ്യാവസായിക മുന്നേറ്റം, ആഭ്യന്തര ഉൽപാദന വളർച്ച, സ്വയംപര്യാപ്തത, വൈദഗ്ദ്ധ്യ വികസനം, പ്രാദേശിക തൊഴിൽ ലഭ്യത, സംരംഭകത്വ വർദ്ധനവ്, വാണിജ്യ സംസ്കാര വികസനം, സാമൂഹിക ഐക്യം, സർവ്വോപരി വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്കിടയിൽ നവവ്യവസായികളാകാനുള്ള പുത്തൻ ഉണർവ് ഉണ്ടാക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>ഇതിന്റെ ഭാഗമായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി പലിശ രഹിത വായ്പാപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.<br><br>30-06-2015-ലെ കണക്കുകൾ പ്രകാരം 1093 നവസംരംഭങ്ങൾ തുടങ്ങുവാനും ഇതുവഴി 2504 സ്വയംസംരംഭകരെ സൃഷ്ടിക്കുവാനും 3252 പേർക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കാനും ഈ മിഷന്റെ പ്രവർത്തനത്തിലൂടെ കഴിഞ്ഞു. |
| (ബി) പുതു തലമുറയ്ക്ക് സംരംഭക വികസന മിഷൻ വഴി എന്തൊക്കെ സൗര്യങ്ങളാണ് ലഭ്യമാവുക ; പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും ലഭ്യമാണോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ